# പതിനാലാം കേരള നിയമസഭ
## രണ്ടാം സമ്മേളനം

നക്ഷത്ര ചിഹ്നമിടാത്ത
ചോദ്യം നമ്പർ : 166

26-09-2016-ൽ മറുപടിക്ക്

## ഗെയിൽ വാതക പൈപ്പ് ലൈൻ

| ചോദ്യം | ഉത്തരം |
| --- | --- |
| ശ്രീ. ഹൈബി ഈഡൻ<br>ശ്രീ. കെ.സി.ജോസഫ്<br>ശ്രീ. സണ്ണി ജോസഫ്<br>ശ്രീ. ഐ.സി.ബാലകൃഷ്ണൻ | ശ്രീ. പിണറായി വിജയൻ<br>(മുഖ്യമന്ത്രി) |
| (എ) സംസ്ഥാനത്ത് ഗെയിൽ വാതക പൈപ്പ് ലൈൻ പദ്ധതി നടപ്പാക്കാൻ എന്തെല്ലാം തയ്യാറെടുപ്പുകൾ നടത്തിയിട്ടുണ്ടെന്ന് വിശദമാക്കുമോ ; | (എ) കേരളത്തിൽ ഏഴു ജില്ലകളിലായി ഗെയിൽ സ്ഥാപിക്കാനുദ്ദേശിക്കുന്ന കൊച്ചി - കൂറ്റനാട് - ബാംഗ്ലൂർ - മാംഗ്ലൂർ പൈപ്പ് ലൈൻ പദ്ധതിയുടെ ഒന്നാം ഘട്ടം പൂർത്തിയായി. രണ്ടാം ഘട്ടത്തിൽ സ്ഥാപിക്കേണ്ട പൈപ്പ് ലൈനിന്റെ ദൈർഘ്യം 503 കി. മീറ്ററാണ്. ഇതിന്റെ പ്രാരംഭ സർവ്വേ നടപടികളും, P&MP ആക്ടിലെ സെക്ഷൻ 6(1) പ്രകാരമുള്ള ഗസറ്റ് വിജ്ഞാപനവും ഗെയിൽ പൂർത്തിയാക്കിയിട്ടുണ്ട്. മഹസർ (പഞ്ചനാമ) തയ്യാറാക്കുന്ന നടപടികൾ എറണാകുളം, തൃശ്ശൂർ, പാലക്കാട്, കണ്ണൂർ, കാസർഗോഡ് ജില്ലകളിൽ ഏതാണ്ട് പൂർത്തീകരിച്ചു. മലപ്പുറം, കോഴിക്കോട് ജില്ലകളിൽ ജനങ്ങളുടെ എതിർപ്പുമൂലം നിർത്തിവെച്ചിരുന്ന സർവ്വേ നടപടികൾ പുനരാരംഭിച്ചിട്ടുണ്ട്. നഷ്ടപരിഹാരം നൽകുവാനുള്ള ഭൂമിയുടെ അളവെടുപ്പും, മഹസറും സംസ്ഥാനത്ത് ആകെ 503 കി.മീറ്ററിൽ 386 കി.മി. (77%) പൂർത്തിയാക്കിക്കഴിഞ്ഞു. എറണാകുളം, തൃശ്ശൂർ ജില്ലകളിൽ പൈപ്പ് സ്ഥാപിക്കുന്നതിനുള്ള കോൺട്രാക്ടറെ തീരുമാനിച്ചു. മറ്റു ജില്ലകളിൽ പൈപ്പ് സ്ഥാപിക്കുന്നതിനുള്ള പുനർ ടെൻഡർ (ഗ്ലോബൽ NIT) ക്ഷണിച്ചിട്ടുണ്ട്. പദ്ധതിക്കാവശ്യമായ പൈപ്പുകൾ, വാൽവുകൾ മുതലായവ ഗെയിലിന്റെ വിവിധ സ്റ്റോറേജ് യാർഡുകളിൽ എത്തിച്ചേർന്നിട്ടുണ്ട്. കേരളത്തിലൊട്ടാകെ അഞ്ച് IP സ്റ്റേഷനുകൾക്കും |

26 SV സ്റ്റേഷനുകൾക്കും വേണ്ടി സ്ഥിരമായി ഭൂമി ഏറ്റെടുക്കേണ്ടതുണ്ട്. ഇതിൽ 18 സ്റ്റേഷനുകൾക്കാവശ്യമായ ഭൂമി, നടപടികൾ പൂർത്തിയാക്കി ഗെയിൽ ഏറ്റെടുത്തിട്ടുണ്ട്. ബാക്കിയുള്ള സ്റ്റേഷനുകൾക്കു വേണ്ടി ഭൂമി ഏറ്റെടുക്കുന്ന ജോലികൾ പുരോഗമിക്കുന്നു. നിർമ്മാണ പ്രവർത്തനങ്ങൾ ഒക്ടോബർ രണ്ടാം വാരത്തോടെ പുനരാരംഭിച്ച് ഒന്നര വർഷത്തിനകം പൂർത്തിയാക്കുവാൻ കഴിയുമെന്ന് പ്രതീക്ഷിക്കുന്നു.

| | | | |
|---|---|---|---|
| (ബി) | പദ്ധതിയുടെ വിശദാംശങ്ങൾ എന്തെല്ലാമെന്ന് വ്യക്തമാക്കുമോ ; | (ബി) | കൊച്ചിയിലെ പുതുവൈപ്പിൽ പെട്രോനെറ്റ് എൽ.എൻ.ജി ടെർമിനലിൽ നിന്നും ആരംഭിക്കുന്ന പൈപ്പ്ലൈൻ ഏറണാകുളം, തൃശ്ശൂർ എന്നീ ജില്ലകളിലൂടെ പാലക്കാട്ട് എത്തുകയും, കൂറ്റനാട് എന്ന സ്ഥലത്തുവെച്ച് രണ്ടായിതിരിഞ്ഞ് ഒന്ന് പാലക്കാട് വാളയാർ കടന്ന് തമിഴ്നാട് വഴി ബാംഗ്ലൂരിലേക്കും മറ്റൊന്ന് മലപ്പുറം, കോഴിക്കോട്, കണ്ണൂർ, കാസർഗോഡ് എന്നീ ജില്ലകൾ കടന്ന് മംഗലാപുരത്തേക്കും പോകുന്നു. കേരളത്തിൽ ഏഴു ജില്ലകളിലായി 503 കി. മീറ്ററാണ് പൈപ്പ് ലൈനിന്റെ ദൈർഘ്യം. പദ്ധതിയുടെ ആകെ നിർമ്മാണച്ചെലവ് 3263 കോടി രൂപയാണ്. ഇതിൽ ഏകദേശം 2400 കോടി രൂപ പൈപ്പും മറ്റ് സാമഗ്രികളും സമാഹരിക്കുന്നതിനായി ചെലവിട്ടു കഴിഞ്ഞു. പൈപ്പ് ലൈൻ റൂട്ടിലുളള ഗെയിൽ സ്റ്റേഷനുകൾക്കു വേണ്ടിയും, ഭൂവുടമകൾക്ക് നഷ്ടപരിഹാരം നൽകിയ ഇനത്തിലും ചെലവായത് ഉൾപ്പെടെയാണിത്. |
| (സി) | പദ്ധതി നടത്തിപ്പിലുള്ള ജനങ്ങളുടെ ആശങ്ക നീക്കാൻ എന്തെല്ലാം നടപടികൾ എടുത്തിട്ടുണ്ട് ; | (സി) | പദ്ധതിയുടെ സുരക്ഷയെ സംബന്ധിച്ച് ജനങ്ങൾക്കുള്ള ആശങ്കകളും തെറ്റിദ്ധാരണകളും ദുരീകരിക്കുന്നതിനായി പൈപ്പ് ലൈൻ കടന്നുപോകുന്ന റൂട്ടിലുളള പഞ്ചായത്തുകൾതോറും ബോധവൽക്കരണം നടത്തി വരുന്നുണ്ട്. കൂടാതെ |

ദൃശ്യ മാധ്യമങ്ങളിലൂടെയും, പത്രപരസ്യങ്ങളിലൂടെയും, ലഘുലേഖകൾ മുഖേനയും, എഫ്.എം റേഡിയോ വഴിയും, ഗ്യാസ്പൈപ്പ് ലൈനിന്റെ സുരക്ഷയെക്കുറിച്ചും പദ്ധതി നിലവിൽ വരുന്നത് വഴി സംസ്ഥാനത്തിനുണ്ടാകുന്ന നേട്ടങ്ങളെ സംബന്ധിച്ചുമുള്ള വിവരങ്ങൾ പ്രചരിപ്പിക്കുന്നുണ്ട്.

| | | | |
|---|---|---|---|
| (ഡി) | പദ്ധതിക്കായി ഭൂമി ഏറ്റെടുക്കുന്നതിന് എന്തെല്ലാം നടപടികൾ കൈക്കൊണ്ടിട്ടുണ്ട് ; | (ഡി) | വാതക പൈപ്പ്ലൈൻ പദ്ധതിക്കു വേണ്ടി സ്ഥലത്തിന്റെ ഉപയോഗാവകാശം (RoU) മാത്രമാണ് ഗെയിൽ ഏറ്റെടുക്കുന്നത്. ഭൂമിയുടെ ഉടമസ്ഥാവകാശം ഭൂവുടമയിൽ തന്നെ നിക്ഷിപ്തമാണ്. ഇപ്രകാരം ഏറ്റെടുക്കുന്ന ഭൂമിക്ക്, 1962 ലെ P&MP Act അനുശാസിക്കുന്ന വ്യവസ്ഥകൾക്കു പരിയായി സംസ്ഥാന സർക്കാർ തീരുമാനിക്കുന്ന ന്യായമായ നഷ്ടപരിഹാരം നൽകാൻ ഗെയിൽ സന്നദ്ധരായിട്ടുണ്ട്. ഇതിനുപുറമെ പദ്ധതി മൂലം നഷ്ടമാകുന്ന കൃഷി ഭൂമിയ്ക്കും, വിളകൾക്കും മറ്റ് വൃക്ഷങ്ങൾക്കും മതിയായ നഷ്ടപരിഹാരം നൽകുവാനുള്ള നടപടികളും സ്വീകരിച്ചിട്ടുണ്ട്.<br><br>പദ്ധതി നടത്തിപ്പിന്റെ ഭാഗമായി കേരളത്തിലൊട്ടാകെ അഞ്ച് IP സ്റ്റേഷനുകളും 26 SV സ്റ്റേഷനുകളും സ്ഥാപിക്കുന്നതിന് വേണ്ടി സ്ഥിരമായി ഭൂമി ഏറ്റെടുക്കേണ്ടതുണ്ട്. ഇതിൽ 18 സ്റ്റേഷനുകൾക്കു വേണ്ട ഭൂമി നടപടികൾ പൂർത്തിയാക്കി ഗെയിൽ ഏറ്റെടുത്തിട്ടുണ്ട്. മറ്റ് സ്റ്റേഷനുകൾക്കു വേണ്ടി ഭൂമി ഏറ്റെടുക്കുന്നതിനുള്ള ജോലികൾ പുരോഗമിച്ചു വരുന്നു. |
| (ഇ) | കേരളത്തിൽ ഏതെല്ലാം പ്രദേശത്തു കൂടിയാണ് പ്രസ്തുത പൈപ്പ് ലൈൻ പോകുന്നതെന്ന് വിശദമാക്കുമോ ? | (ഇ) | എറണാകുളം, തൃശ്ശൂർ, പാലക്കാട്, മലപ്പുറം, കോഴിക്കോട്, കണ്ണൂർ, കാസർഗോഡ് എന്നീ ജില്ലകളിലൂടെയാണ് പൈപ്പ് ലൈൻ കടന്നുപോകുന്നത്. |

സെക്ഷൻ ഓഫീസർ